ഹാന്റ് പമ്പുകൾ എന്നിവ നന്നാക്കുന്നതിന് ആവശ്യമായ നടപടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ കളക്ടർമാർ തുടങ്ങിയവർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് സ്വീകരിക്കുന്നു. ഇതിനുപുറമേ ഇപ്പോൾ പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന രണ്ടുപേർക്ക് ഹാന്റ് പമ്പ് നന്നാക്കുന്നതിനുള്ള പരിശീലനവും ഭൂജലവകുപ്പ് നൽകി വരുന്നു.

ശുദ്ധജലവിതരണ പൈപ്പുകൾ പൊട്ടുന്ന സംഭവം

41 (191) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരന്തരമായി ശുദ്ധജലവിതരണ പൈപ്പുകൾ പൊട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇത് മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുടനീളം കിലോ മീറ്ററുകളോളം സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ അങ്ങിങ്ങായി വല്ലപ്പോഴും പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദമായ പഠനം നടത്തി വിലയിരുത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിൽ കുമ്മി, കൂട്ടപ്പാറ എന്നീ സ്ഥലങ്ങളിലും കൊച്ചിയിൽ ജി.ആർ.പി. പൈപ്പിലും ഉണ്ടായ പൊട്ടലുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ കുമ്മി, കൂട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പ്രധാന ശുദ്ധജലവിതരണ പൈപ്പുകളിലെ സ്ഥിരം പരിപാലനത്തിന്റെ കുറവ് നികത്തുന്നതിനായി പൈപ്പ് ലൈൻ പരിപാലന സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സർവീലിയൻസ് യൂണിറ്റ് രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

കൊച്ചിയിലുണ്ടായ പൊട്ടലിനെക്കുറിച്ച് അന്വേഷണം നടത്തിയതിൽ നിന്നും ജി.ആർ.പി. പൈപ്പ് സ്ഥാപിച്ചിരുന്ന സൈറ്റിന്റെ പ്രത്യേക സാഹചര്യമാണ് പൊട്ടലുകൾ ഉണ്ടാകുന്നതെന്ന് വിലയിരുത്തി.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ വാട്ടർ അതോറിറ്റിയുടെ വളരെക്കാലങ്ങളായുള്ള അനുഭവങ്ങൾവെച്ച് എച്ച്.ഡി.പി.ഇ. പൈപ്പുകൾ പ്രീ സെടസ്ഡ് കോൺക്രീറ്റ് പൈപ്പുകൾ ഏ.സി. പൈപ്പുകൾ എന്നീ ഇനം പൈപ്പുകളിലാണ് പൊട്ടലുകൾ കൂടുതലും ഉണ്ടാകുന്നതെന്ന് മനസ്സിലാക്കി.

(ഡി) മേൽപ്പറഞ്ഞവ കൂടാതെ കൂടുതൽ തകരാറുകൾ ഉണ്ടാക്കുന്ന പ്രീസെടസ്ഡ് കോൺക്രീറ്റ് പൈപ്പുകൾ, ഏ.സി.പൈപ്പുകൾ ഇവ കഴിയുന്നിടത്തോളം സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഒഴിവാക്കി പുതിയ പദ്ധതികൾ രൂപകൽപന ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക വിജ്ഞാനവും അനുഭവസമ്പത്തും ഉപയോഗപ്പെടുത്തി കാലാകാലങ്ങളിൽ സ്പെസിഫിക്കേഷൻ പരിഷ്ക്കരിക്കുന്നതും പൈപ്പ് പൊട്ടലുകൾ ഉണ്ടാകാതിരിക്കാൻ പ്രയോജനപ്പെടുന്നുണ്ട്.

(ഇ) ഇത്തരം 'ഡി' യിൽ പറഞ്ഞിരിക്കുന്നവ കൂടാതെ പുതിയ സാങ്കേതിക സംവിധാനം ഏർപ്പെടുത്തുവാനും ആലോചിക്കുന്നുണ്ട്.

ശുദ്ധജലവിതരണ പദ്ധതികൾക്ക് ലോകബാങ്ക് സഹായം

42 (192) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജലവിതരണപദ്ധതികളുടെ നടത്തിപ്പിനായി ലോകബാങ്കിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിൽ ഏതെങ്കിലും പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് 7 ശുദ്ധ ജലവിതരണ പദ്ധതികൾ ഏറ്റെടുത്തിരുന്നു. ഇവ പുത്തൻകുരിശ് വിശാലകൊച്ചി വികസന അതോറിറ്റി, കോട്ടയം, അടൂർ, കൊല്ലം, ചിതറ, വിളപ്പിൽ എന്നിവയാണ്. ഇവയുടെ ലോകബാങ്ക് ധനസഹായം 31-3-1994-ൽ അവസാനിച്ചു. ലോകബാങ്കിൽ നിന്നും നാളിതുവരെ കേരള വാട്ടർ അതോറിറ്റിക്ക് 63.15 കോടി രൂപ ധനസഹായം (ലോൺ) ലഭിച്ചിട്ടുണ്ട്.

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്തുകളിൽ ലോകബാങ്ക് സഹായത്തോടെ ഒരു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാനുള്ള അന്തിമചർച്ച നടന്നു വരുന്നു. സഹായമൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly